## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6431 11.07.2012 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറി വകുപ്പിൽ വിവിധ തസ്തികകൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ വിവിധ തസ്തികകളിലായി ആകെ എത്ര ജീവനക്കാരുണ്ടെന്ന് പറയാമോ; | (എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ വിവിധ തസ്തികകളിലായി പാർട്ടൈം ജീവനക്കാർ ഉൾപ്പെടെ 480 ( നാന്നൂറ്റി എൺപത് ) ജീവനക്കാർ ജോലി ചെയ്യുന്നു. |
| (ബി) | ഈ വകുപ്പിൽ ആകെ ദിവസക്കൂലിയടിസ്ഥാനത്തിൽ എത്ര താൽക്കാലിക ജീവനക്കാരെ നിയമിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടെന്നും അതിന്റെയടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ഭാഗ്യക്കുറി വകുപ്പിൽ ക്ലറിക്കൽ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 70 (എഴുപത്) താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ 67 ജീവനക്കാർ ജോലി ചെയ്യുന്നു. |
| (സി) | വകുപ്പിലെ ജോലി ഭാരം വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥിര ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ? | (സി) | ഭാഗ്യക്കുറി വകുപ്പിലെ ജോലിഭാരം കണക്കിലെടുത്തു കൊണ്ട് താല്ക്കാലികാടിസ്ഥാനത്തിൽ 84 ക്ലാർക്കുമാരെയും 16 ലാസ്റ്റ്ഗ്രേഡ് ജീവനക്കാരെയും നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ ജോയിന്റ് ഡയറക്ടർ തലത്തിൽ ഒരു പുതിയ തസ്തിക സൃഷ്ടിക്കുന്ന കാര്യം സജീവപരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ